# MT SEMINARY HSS
## KOTTAYAM



# ഉരുക്കം

DIGITAL MAGAZINE

# എഡിറ്റോറിയൽ

മാർത്തോമ്മ സെമിനാരി ഹയർ സെക്കൻണ്ടറി സ്കൂൾ അതിന്റെ പ്രവർത്തന പന്ഥാവിൽ *128* സംവത്സരങ്ങൾ പിന്നിടുകയാണല്ലോ... വിജ്ഞാനത്തിന്റെ തിളക്കമാർന്ന ചെപ്പ് തുറക്കുമ്പോൾ വർണ്ണ വിസ്മയത്തിന്റെ സുഗന്ധം പരത്തുന്ന ഓർമ്മ പ്രവാഹം. സെമിനാരിയുടെ ചരിത്ര വഴികളെ ഓർത്തെടുക്കാനും പിന്നിട്ട പാതയിലെ സുവർണ്ണ രേഖകൾ മങ്ങിപ്പോവാതെ പുതുതലമുറയിലേക്ക് പകർന്നു നൽകാനുമാണ് ഉരുക്കം എന്ന ഈ ഡിജിറ്റൽ മാഗസിൻ ഉദ്യമിക്കുന്നത്.

ഏറെ അഭിമാനത്തോടും സന്തോഷത്തോടും കൂടിയാണ് നമ്മുടെ സ്കൂളിൽ ഡിജിറ്റൽ മാഗസിനായ ഉരുക്കം വായനക്കാർക്കായി മിഴി തുറക്കുന്നത്. കുട്ടികളുടെ ജ്ഞാനോദയത്തിന്റെ ആദ്യ ചുവടുവെപ്പാണ് എഴുത്തും വായനയും. അറിവിന്റെ വികാസം വായനയോടെ ആണെങ്കിൽ ഭാവന അവരുടെ കഴിവുകളെ പ്രചോദിപ്പിക്കുന്നു. കലയും സാഹിത്യവും ഉള്ളിലുള്ള മനുഷ്യത്വത്തെ ഉണർത്തുകയും നല്ല മനുഷ്യരായി നന്മ നിറഞ്ഞവരായി മാറ്റുകയും ചെയ്യുന്നു .കുട്ടികളുടെ കുറിപ്പുകൾ സർഗ്ഗവാസനകൾ നിങ്ങൾക്ക് മുന്നിൽ ഇതാ തുറക്കുന്നു. പ്രോത്സാഹിപ്പിച്ച് പ്രചോദിപ്പിച്ച് നാളത്തെ നല്ല യുവത്വമായി വളരാൻ അനുഗ്രഹിക്കുക.

................................................................................................

# ആമുഖം

കാലത്തിന് അനുയോജ്യമായ പ്രവർത്തനം രൂപപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു വിദ്യാലയത്തിന്റെ പ്രശസ്തി നിലനിൽക്കുന്നത്. അക്ഷര നഗരിയുടെ വിദ്യാഭ്യാസ - കല സാംസ്കാരിക രംഗത്ത് പകരം വയ്ക്കാൻ ഇല്ലാത്ത വിധം പടർന്ന് പന്തലിച്ച നമ്മുടെ വിദ്യാലയം അനേകർക്ക് തണലും ആശ്വാസമായി മാറുന്ന വിധത്തിൽ വളർത്തി വലുതാക്കാൻ അക്ഷീണം പരിശ്രമിച്ച ഏവരെയും ഈ അവസരത്തിൽ സ്മരിക്കുന്നു. ഒരുപാട് വെല്ലുവിളികൾ ഒരേ സമയം മുന്നിലെത്തുന്ന ഒരു കാലമാണിത്. പുതിയ കാലത്തിനനുസരിച്ച് നമ്മളും മാറേണ്ടി വരും *127* വർഷത്തെ ഓർമ്മയുമായി ജീവിക്കുന്ന നമ്മുടെ വിദ്യാലയത്തോടൊപ്പം സഞ്ചരിക്കാം..

എം റ്റി സെമിനാരി ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് ഉരുക്കം ഡിജിറ്റൽ മാഗസിൻ. പുതുതലമുറയുടെ സാഹിത്യ സൃഷ്ടികൾ, അനുഭവങ്ങൾ, സ്കൂൾ തനത് പ്രവർത്തനങ്ങൾ എന്നിവ ഈ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിജ്ഞാന സമ്പാദനവും മാനസിക പരിവർത്തനവും ആണല്ലോ വിദ്യയുടെ കാതൽ. കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കലാവാസനയ്ക്ക് വിദ്യാലയങ്ങൾ നിന്നു തന്നെ ചിറകു നൽകണമെന്ന് ഉദ്ദേശത്തോടെ ഉരുക്കം ഡിജിറ്റൽ മാഗസിൻ പിറവിയെടുത്തു.

#######################################

പ്രിയരേ,



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഉരുക്കം ഡിജിറ്റൽ മാഗസിൻ തയ്യാറാകുന്നതിൽ വളരെയധികം സന്തോഷമുണ്ട്.നൂതന സാങ്കേതിക വിദ്യയുടെ ബാലപാഠങ്ങൾ ഇത്തരം ക്ലബുകളിലുടെ സായത്തമാക്കാൻ കഴിയുന്നത് അഭിമാനകരമാണ്.ഡിജിറ്റൽ യുഗത്തിൽ ഉയരങ്ങൾ കീഴടക്കുമ്പോഴും നന്മയുടെ കെടാവിളക്കായി മാറണം.നല്ല മനുഷ്യരായി മാറാൻ ഏവർക്കും സാധിക്കട്ടെ....

ആശംസകളോടെ..........

ശ്രീമതി റൂബി ജോൺ
ഹെഡ്മിസ്ട്രസ്



അതിനൂതന സങ്കേതിക വിദ്യകളിലൂടെ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ മേഖലയ്ക്ക് ഒരു മുതൽകൂട്ടായി കോട്ടയം എം റ്റി സെമിനാരി ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഉരുക്കം ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

ശ്രീ ബാബു ചെങ്ങാലിമറ്റം
പി റ്റി എ പ്രസിഡണ്ട്



സ്കൂൾ ലിറ്റിൽ കൈറ്റ്സ് ടീം 'ഉരുക്കം 2K24 ' എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിയുന്നതിൽ ഞാൻ അഭിമാനിക്കുന്നു..... ഈ ഡിജിറ്റൽ യുഗത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും ഉൾപ്പെടെയുളള നൂതന സാങ്കേതിക വിദ്യകളിൽ പ്രാഗത്ഭ്യം തെളിയിക്കാൻ നമ്മുടെ കുട്ടികൾ പ്രാപ്തരാണെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. മാഗസിനിലെ ലേഖനങ്ങളും ചിത്രീകരണങ്ങളും ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ്. വൈവിധ്യമാർന്ന സൃഷ്ടികളാൽ 'ഉരുക്കം 2k24' സമൃദ്ധമാകട്ടെ എന്ന് ആശംസിക്കുന്നു..........

സ്നേഹപൂർവ്വം

ശ്രീമതി ബിജി മാത്യു
സീനിയർ അസ്സിസ്റ്റന്റ്



## ശ്രീമതി സുജ പി വർഗീസ്

ആലപ്പുഴ ജില്ലയിലെ വെണ്മണിയിൽ സ്കറിയ വർഗീസിന്റെയും മറിയാമ്മ വർഗീസിന്റെയും ആറാമത്തെ മകളായി *1968* മെയ് *27*ന് ജനനം. പ്രാഥമിക വിദ്യാഭ്യാസം വെൺമണി ഗവൺമെൻറ് ജെ ബി ജി സ്കൂളിലും, ഹൈസ്കൂൾ പഠനം എം റ്റി ഹൈസ്കൂൾ വെൺമണിയിലും പൂർത്തിയാക്കി. പ്രീഡിഗ്രി ,ഡിഗ്രി പഠനം പൂർത്തിയാക്കിയത് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നിന്നുമാണ്. തുടർന്ന് തിരുവല്ല സെൻറ് തോമസ് TTI യിൽ നിന്നും ടിടിസിയും, മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിങ് കോളേജിൽ നിന്ന് ബിഎഡ് പഠനവും പൂർത്തിയാക്കി . *1991* ജൂണിൽ അധ്യാപന ജോലിയിൽ പ്രവേശിച്ചു *.1998* ജൂൺ *8*ന് മാർത്തോമ്മ കോർപ്പറേറ്റ് മാനേജ്മെൻറ് സ്ക്കൂളിൽ സ്ഥിര നിയമനം ലഭിച്ചു. *1999* ജൂൺ ഒന്നിന് ആശ്രമ ഹൈസ്കൂളിൽ ഹൈസ്കൂൾ അധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ചു തുടർന്ന് എം റ്റി എച്ച് എസ് എസ് വെൺമണി ,എം റ്റി എച്ച്എസ് കൊട്ടാരക്കര ,എം റ്റി വി എച്ച് എസ് എസ് കുന്നം, എസ് സി എച്ച് എസ് എസ് തിരുവല്ല , എം റ്റിഎസ് എച്ച് എസ് കോട്ടയം തുടങ്ങിയ സ്കൂളുകളിൽ സേവനമനുഷ്ഠിച്ചു. *31* വർഷത്തെ ഔദ്യോഗിക ജീവിതത്തിൽ തനിക്ക് സന്തോഷവും സംതൃപ്തിയും കരുത്തും നൽകിയ കലാലയത്തിൽ നിന്നും *2024* മെയ് *31*ന് വിട പറയുമ്പോൾ ഈ വിദ്യാലയം ഏറെ കടപ്പെട്ടിരിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു. ശിഷ്ട ജീവിതം ധന്യമാകട്ടെ എന്നും കലാലയത്തിന്റെ സുഖദുഃഖങ്ങളിൽ തുടർന്നും കാര്യദർശിയായി ഒപ്പമുണ്ടാവാനും ദൈവം അനുഗ്രഹിക്കട്ടെ......

*************************************************************************

# ചരിത്രത്തിലൂടെ.......

കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്തായി കോട്ടയം വിദ്യാഭ്യാസ ജില്ലയിലുൾപ്പെടുന്ന കോട്ടയം ഈസ്റ്റ് ഉപജില്ലയിലെ ഒരു എയ്ഡഡ് വിദ്യാലയമാണ് മാർത്തോമ്മ സെമിനാരി ഹയർ സെക്കണ്ടറി സ്കൂൾ. മാർത്തോമ്മ സഭ വൈദിക പഠനത്തിനായി സ്ഥാപിച്ച സെമിനാരിയോട് ചേർന്ന് എളിയ തോതിൽ തുടങ്ങിയ വിദ്യാലയം കേരളത്തിലെ ഏറ്റവും മികച്ച സ്കൂളിൽ ഒന്നായി മാറിയത് പരിശ്രമ സാഫല്യത്തിന്റെ മകുടോദാഹരണമാണ് പുകടിയിൽ ശ്രീ ചാക്കോച്ചൻ മിതമായ വിലയ്ക്ക് നൽകിയ സെഹിയോൻ കുന്നിൽ പ്രത്യാശാ നിര്ഭരരായ ദിവ്യ ശ്രീ ചാണ്ടപിള്ള കത്തനാർ ,ഒറ്റപ്ലാക്കൽ മാത്തൻ ,കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കിരി ,കുരുവിള എഞ്ചിനീയർ ,തുടങ്ങി അനേകം സേവന സന്നദ്ധരുടെ പരിശ്രമ ഫലമായി *1896* മെയ് *5* നു സ്കൂൾ ആരംഭിച്ചു. സ്കൂൾ ഹെഡ്മാസ്റ്ററായി ചെറുകര സി പി തോമസ് നിയമിതനായി . സാറിന്റെ നേതൃത്വത്തിൽ കോട്ടയം സെമിനാരി സ്കൂൾ പ്രശസ്തമായി. കഴിഞ്ഞ *127* വർഷമായി അക്ഷര നഗരിയുടെ ഹൃദയഭാഗത്ത് നിലയുറപ്പിച്ചിരിക്കുന്ന വിദ്യാലയ മുത്തശ്ശിയാണ് എം റ്റി സെമിനാരി സ്കൂൾ .വിദ്യാഭ്യാസ മേഖലയ്ക്ക് അകമഴിഞ്ഞ സംഭാവനകൾ നൽകിയ നമ്മുടെ വിദ്യാലയം നാടിൻെറ അഭിമാന സ്തംഭമാണ്. മഹാരഥന്മാരായ നിരവധി അധ്യാപകർ പഠിപ്പിക്കുകയും വ്യത്യസ്ത മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച ഒട്ടേറെ വിദ്യാർത്ഥികൾ ഇന്ന് സ്കൂളിന്റെ അഭിമാനമാണ്.

<><><><><><><><><><><><><><><><><><><><><>



# എം റ്റി എസ് എച്ച് എസ് എസ്

## എൻെറ ഓർമ്മയിലൂടെ

റിഹാൻ ഐസക്ക് ബാബു

ആകാശ നീലിമയിൽ തൂവെൺ മേഘങ്ങൾ പതസഞ്ചലനം നടത്തുന്നു. വേദസ്വരൂപന്റെ പൊൻകിരണങ്ങൾ വാഗമരത്തിന്റെ ചില്ലകൾക്കിടയിലൂടെ സ്വർണ്ണ നൂലിഴകൾ പാകുന്നു .കുഞ്ഞിളം കാറ്റിന്റെ തലോടൽ വൃക്ഷലതാദികൾ മർമ്മരം പൊഴിക്കുന്നു ശാന്ത സുന്ദരമായ സുഖശീതളഛായയിൽ തലയെടുപ്പോടെ.....പ്രഭതൂകി എന്റെ വിദ്യാലയം എം റ്റി സെമിനാരി ഹയർസെക്കൻഡറി സ്കൂൾ കോട്ടയം പട്ടണത്തിന് തിലകക്കുറിയായി. തൻെറ ചാരത്തണയുന്നവർക്ക് ഒരു അമ്മയുടെ വാത്സല്യം നുകർന്ന് വിരാജിക്കുന്നു .

ഏതാണ്ട് ആറു വർഷങ്ങൾക്കപ്പുറം അധ്യാപികയായ എന്റെ അമ്മയുടെ കൈയും പിടിച്ച് ആദ്യമായി സ്കൂളിന്റെ പടികടന്ന് വന്നത് മനസിന്റെ അഭ്രപാളികളിൽ തെളിഞ്ഞുവരുന്നു. വിദ്യാലയത്തിന്റെ ക്ലാസ് മുറിയിലെ ഒരു ബെഞ്ചിന്റെ ഓരം ചേർന്ന് ഞാനും ഇരുന്നു. അനേകം കുട്ടികളുടെ കലപില ശബ്ദത്തിൽ എന്റെ നാദവും അലിഞ്ഞുചേർന്നു പിന്നീട് അവരിൽ പലരും എന്റെ കൂട്ടുകാരായി മാറി. ഉള്ളിൽ കാർക്കശ്യവും..... ചുണ്ടിൽ പുഞ്ചിരിയുമായി അധ്യാപകർ ക്ലാസുകളിൽ എത്തി. അറിവും... ധാർമിക മൂല്യങ്ങളും... പകർന്നു നൽകി. ആദ്യമായി കേട്ടതും അനുഭവിച്ചതുമായ പല അറിവുകളും മസ്തിഷ്കത്തിന്റെ അന്തരാളങ്ങളിൽ ചലനം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. അനവധി കൂട്ടുകാർ അടങ്ങിയ മനുഷ്യ ചങ്ങലയിൽ ഞാനും ഒരു കണ്ണിയായി മാറി. വിശാലമായ വിദ്യാലയ മൈതാനത്ത് ഞങ്ങൾ കാൽപന്തുകളിയുടെ പുത്തൻ തന്ത്രങ്ങൾ മെനഞ്ഞു. കൂട്ടുകാരുടെ ചോറ്റുപാത്രത്തിലെ പല കറികളിലും ഒരേ രുചി അനുഭവപ്പെട്ടു.

വർഷങ്ങൾ കാലത്തിനു വഴിമാറി കൊണ്ടിരിക്കുന്നു.... ഇന്ന് സ്കൂളിലെ ചേട്ടന്മാരുടെ സ്ഥാനത്താണ് നിൽക്കുന്നത് എന്ന് ചെറുതല്ലാത്ത ഒരു സന്തോഷത്തിന് ചാരുത പകരുന്നു. താഴെ ക്ലാസുകളിലെ കുട്ടികളുടെ സ്നേഹത്തോടെ ഉള്ള "ചേട്ടാ"വിളിക്ക് ഒരു ഉത്തരവാദിത്വബോധത്തിന്റെ സന്ദേഹമുണ്ടോ ?

ഇന്ന് ഈ വിദ്യാലയത്തിന്റെ പടിയിറങ്ങാൻ കാത്തുനിൽക്കുമ്പോൾ ഒട്ടനവധി ഓർമ്മകളും...... കരുതലും.......സ്നേഹവും.... ബാക്കിയാവുന്നു.

അറിവിൻറെ വീണയിൽ രാഗ താള വിന്യാസങ്ങൾ മേളപ്പെരുക്കം തീർക്കുമ്പോൾ..... പിന്നിട്ടതിനേക്കാൾ ഒരുപാട് ദൂരം ഇനിയും സഞ്ചരിക്കേണ്ടതുള്ളതിനാൽ..... ഇന്നിന്റെ മോഹങ്ങൾക്ക് വിരാമം ഇട്ടുകൊണ്ട് എന്റെ പ്രിയ വിദ്യാലയത്തിനോട് യാത്ര പറയുകയാണ്.

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ അറിവ് പകർന്ന് എന്റെ സ്വത്വബോധത്തിന് പുത്തൻനാമ്പുകൾ സമ്മേളിക്കാൻ ഇത്രയും കാലം എന്നെ ഉൾക്കൊണ്ട എന്റെ പ്രിയ വിദ്യാലയത്തിന് വിട..........

# സ്വാതന്ത്ര്യം എന്റെ വീക്ഷണത്തിൽ



അക്സാമോൾ ബിനോയി

സ്വാതന്ത്ര്യം എന്ന വാക്ക് നമുക്കെല്ലാവർക്കും പരിചിതമാണ് എന്നാൽ അതേക്കുറിച്ച് ചോദിച്ചാൽ വ്യത്യസ്ത ആളുകളിൽ നിന്ന് വ്യത്യസ്ത പതിപ്പുകൾ നിങ്ങൾ കേൾക്കും. സ്വാതന്ത്ര്യത്തിന്റെ നിർവചനം ഓരോ വ്യക്തിക്കും വ്യത്യസ്തമാണ് ചിലരുടെ അഭിപ്രായത്തിൽ സ്വാതന്ത്ര്യം എന്നാൽ അവരുടെ ഇഷ്ടപ്രകാരം എന്തെങ്കിലും ചെയ്യുക എന്നതാണ്. ചില ആളുകൾക്ക് അതിനർത്ഥം തങ്ങൾക്കുവേണ്ടി ഒരു നിലപാട് എടുക്കുക എന്നതാണ് .ആത്യന്തികമായി ഓരോ വ്യക്തിയും സ്വതന്ത്രരായിരിക്കാനും അവരുടെ ഇഷ്ടത്തിനനുസരിച്ച് ജീവിതം നയിക്കാനും ആഗ്രഹിക്കുന്നു എന്നതാണ് വസ്തുത.

## സ്വാതന്ത്ര്യം എന്നാൽ എന്ത്?

സ്വാതന്ത്ര്യം എന്നത് ഒരു നിയന്ത്രണവുമില്ലാതെ വ്യക്തികൾക്ക് ഇഷ്ടമുള്ളത് ചെയ്യാൻ കഴിയുന്ന ഒരു സ്വാതന്ത്ര്യാവസ്ഥയെ കുറിച്ചാണ്. ജനിച്ച ദിവസം മുതൽ നമുക്ക് സ്വാതന്ത്ര്യം ലഭിക്കുന്നു. അത് ഓരോ വ്യക്തികൾക്കും ഉള്ള ഒരു ഗുണമാണ്. സ്വാതന്ത്ര്യം എന്നത് ഉള്ളിൽ നിന്ന് അനുഭവപ്പെടുന്ന ഒരു വികാരമാണ് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്നത് ചെയ്യാനുള്ള ഒരു മാനസികാവസ്ഥ എന്നും ഇതിനെ നിർവചിക്കാം. സ്വാതന്ത്ര്യം എന്ന ആശയം ജീവിതത്തിൻെറ വിവിധ വശങ്ങളിൽ ഉപയോഗിക്കുന്നു, അത് കേവലം ഒരു പദമല്ല.

വ്യത്യസ്ത സംസ്കാരങ്ങളിലുള്ള ആളുകൾ സ്വാതന്ത്ര്യത്തെ വ്യത്യസ്ത രീതിയിൽ കാണുന്നു. നമ്മുടെ സ്വാതന്ത്ര്യം ജീവിക്കുമ്പോൾ നമുക്ക് ചുറ്റുമുള്ള ആളുകളുടെ അവകാശങ്ങളും വികാരങ്ങളും പരിഗണിക്കേണ്ടതാണ്. അഭിപ്രായസ്വാതന്ത്ര്യം, ചിന്തകൾ , വിശ്വാസങ്ങൾ, ആവിഷ്കാരം, തിരഞ്ഞെടുപ്പ് മുതലായവ ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു

## സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം

നമ്മുടെ ജീവിതം ബലിയർപ്പിച്ച് എന്തെങ്കിലും നേടുമ്പോഴോ സമ്പാദിക്കുമ്പോഴോ നമുക്ക് അതിൻറെ യഥാർത്ഥ മൂല്യം മനസ്സിലാക്കാൻ കഴിയും. സ്വാതന്ത്ര്യം എന്നാൽ അടിച്ചമർത്തലിൽ നിന്നുള്ള ഉദാരവൽക്കരണം, വംശീയത, എതിർപ്പ്, വിവേചനം അപേക്ഷിക കാര്യങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം എന്നിവയും അർത്ഥമാക്കുന്നു. മറ്റുള്ളവരുടെ അവകാശങ്ങൾ ലംഘിക്കാനും അവഗണിക്കാനും സ്വാതന്ത്ര്യം നമ്മെ അനുവദിക്കുന്നില്ല

## അഭിപ്രായ സ്വാതന്ത്ര്യം

ഒരു ഇന്ത്യൻ പൗരന്റെ മൗലികാവകാശങ്ങളിൽ ഒന്നാണ് സംസാര സ്വാതന്ത്ര്യം. ഒരു വ്യക്തിക്ക് തന്നെ വികാരങ്ങളും ആവശ്യങ്ങളും ആഗ്രഹങ്ങളും സംസാരത്തിലൂടെ അറിയാൻ കഴിയും. ആരോഗ്യകരമായ ഒരു ജനാധിപത്യത്തിന് അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം പൗരന്മാർക്ക് അത്യന്താപേക്ഷിതമാണ്. ഭരണഘടന ശിൽപികൾക്ക് ഈ അവകാശത്തിന്റെ പ്രാധാന്യം അറിയാമായിരുന്നു. ഇത് ഓരോ ഇന്ത്യൻ പൗരന്റെയും മൗലികാവകാശമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ *19(1) (a)* പ്രകാരം സംസാരിക്കാനും ആവിഷ്കരിക്കാനുമുള്ള സ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. ഗവൺമെന്റിന്റെ അടിച്ചമർത്തലിന് ഭയപ്പെടാതെ ഓരോ പൗരനും അഭിപ്രായം പ്രകടിപ്പിക്കാൻ ഇത് അർഹതയുണ്ട്

സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി മരിച്ച സ്വാതന്ത്ര്യസമരസേനാനികൾക്കും ധീരജവാൻമാരെയും സ്മരിച്ചു കൊണ്ടാവണം നാം നമ്മുടെ സ്വാതന്ത്ര്യം വിനയോഗിക്കാൻ. നാം സ്വാതന്ത്ര്യം നേടേണ്ടത് മറ്റുള്ളവരെ സ്വാതന്ത്ര്യം അടിച്ചമർത്തി ക്കൊണ്ടാവരുത്, നമ്മുടെ സ്വാതന്ത്ര്യം മറ്റുള്ളവരുടെ ജീവിതത്തിലേക്ക് എത്തിനോക്കാനും ആവരുത്

==========================================

# അനുഭവക്കുറിപ്പ്..............



അമാൻഡാ റിബെക്കാ വർഗീസ്

ഞാൻ എട്ടാം ക്ലാസ്സിൽ എത്തിയപ്പോഴാണ് ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ബിനെ പറ്റി ആദ്യമായി കേൾക്കുന്നത്. ചെറുപ്പം മുതലേ കമ്പ്യൂട്ടർ പഠനം എനിക്ക് ഏറെ ഇഷ്ടമായതിനാൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ അംഗമാകാനുള്ള എൻട്രൻസ് ടെസ്റ്റ് ഞാനും എഴുതി. എൻട്രൻസ് പാസായതിനുശേഷം എല്ലാ ആഴ്ചകളിലും ബുധനാഴ്ച വൈകുന്നേരം ലിറ്റിൽ കൈറ്റ്സ് ക്ലാസ്സിൽ പങ്കെടുക്കുക എന്നത് എനിക്കൊരു ഇഷ്ട വിനോദമായി മാറിയിരുന്നു.ആനിമേഷൻ, മലയാളം ടൈപ്പിംഗ്,സ്ക്രാച്ച് മുതലായ സോഫ്റ്റ്‌വെയറുകൾ ഏറെ കൗതുകത്തോടെ എന്റെ കൂട്ടുകാർക്കൊപ്പം ഞാനും പഠിച്ചു. ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്മാരായ നീന ടീച്ചറും ഭാമ ടീച്ചറുമാണ് ഞങ്ങളുടെ പഠനത്തെ ഏറെ ആസ്വാദ്യകരമാക്കിയത്. ലിറ്റിൽ കൈറ്റ്സ് ക്ലാസുകളിൽ വച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ക്യാമറ ഉപയോഗിച്ചുള്ള ഫോട്ടോ, വീഡിയോഎഡിറ്റിംഗ് ആണ്. അതുപോലെതന്നെ നൂതന സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജനൻസും റോബോട്ടിക്സ് എന്നിവയും മനസ്സിലാക്കാൻ സാധിച്ചത് എന്റെ ജീവിതത്തിലെ ഒരു ഭാഗ്യമായി ഞാൻ കാണുന്നു. കൂടാതെ കോട്ടയം ഈസ്റ്റ് സബ് ജില്ല ലിറ്റിൽ കൈറ്റ്സ് ക്യാമ്പിൽ പങ്കെടുത്തത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവമാണ്.

.

><><><><><><><><><><><><><><><><><><><><><><><><><><><

## മഹാത്മഗാന്ധിയുടെ പാദം പതിഞ്ഞ എം റ്റി സെമിനാരി



*1925* മാർച്ച് *15*ന് മഹാത്മാഗാന്ധി കോട്ടയം ജില്ലയിൽ സന്ദർശനം നടത്തി .ആ സന്ദർശന വേളയിൽ എം ടി സെമിനാരി ഹെഡ്മാസ്റ്റർ ആയിരുന്ന കെ കെ കുരുവിള സാറിൻറെ ക്ഷണം സ്വീകരിച്ച് മഹാത്മാഗാന്ധി സെമിനാരി സ്കൂളിൽ അന്തിയുറങ്ങി .ജില്ലയിലെ രാഷ്ട്രീയ സാംസ്കാരിക പ്രമുഖർ അടക്കമുള്ളവർ ഗാന്ധിജിയെ സന്ദർശിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ഗാന്ധിജി വിശ്രമിച്ച മുറി ഇന്ന് **ഗാന്ധിസദനം** എന്നറിയപ്പെടുന്നു. സ്കൂളിൻറെ ചരിത്രവും പൈതൃകവും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്ന രീതിയിലാണ് ഗാന്ധി സദനം നിലകൊള്ളുന്നത്..







**************************************************************************************

# ഹരിതം

എന്തിനെന്നറിയില്ല !! എന്തിനെന്നറിയില്ല !!
ഈ വിധം എൻമനം തുടിപ്പൂ......
ആനന്ദമോ വിഷാദമോ
തിരിച്ചറിയാനാവാത്തൊരനുഭൂതി
എന്നിൽ നിറയുവതെന്താണ് .......!
ഹരിതാഭതൻ മാസ്മരലോകത്ത്
ശലഭങ്ങളായി പാറിപ്പറന്നു നാം
പൂത്തുലഞ്ഞു നിന്നീടുമീ
മലർവാടിതൻ മടിത്തട്ടിൽ
ഇളംതെന്നലിൽ തഴുകിതലോടലു --
മേറ്റു വാങ്ങി നീങ്ങിടവേ
ആനന്ദത്താൽ തുടിച്ചീട്ടുനീതെൻമനം
എങ്കിലും..............
ഒരു ചെറുനോവായ് ഒരു ചോദ്യം
എൻ മനോ മുകുരത്തിൽ
തിരികെ വന്നീടുമോ ഈ സുന്ദരനിമിഷങ്ങൾ
ജീവിതവഴിത്താരയിൽ
ഒരിക്കൽ കൂടി .......
ഒരിക്കൽ കൂടി........


ശ്രീമതി. ഷീന ബി സണ്ണി

.

# ലഹരി ഇന്നിൻെറ വിപത്ത്



അനന്തകൃഷ്ണൻ ആർ നായർ

നമുക്ക് ചുറ്റുമുള്ള ലോകം എത്രയോ സുന്ദരമാണ് ,സുന്ദരമായ ഈ ലോകത്ത് നമുക്ക് ലഭിക്കുന്നത് വളരെ ചെറിയ കാലയളവ് മാത്രമാണ്. എന്നാൽ സുന്ദരമായ ജീവിതത്തെ കൂടുതൽ പ്രകാശമാനമാക്കാനും അതേസമയം ഇരുട്ടിലേക്ക് കൂട്ടികൊണ്ടു പോകാനും നിരവധി ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനൊരു ഉദാഹരണമായി ഇന്ന് മാനവരാശിയെ തിന്മയിലേക്ക് തള്ളിവിടുന്നതിൽ പ്രാധാന പങ്ക് വഹിക്കുന്ന ഒന്നാണ് ലഹരിപദാർത്ഥങ്ങൾ. പുകവലി, മയക്കുമരുന്ന്, മദ്യം തുടങ്ങിയവയുടെ ഉപയോഗം ഇന്ന് നമ്മുടെ സമൂഹത്തെ ഏറ്റവും കൂടുതൽ ഗ്രസിച്ചിരിക്കുന്നു. ഈ വിഷവൃക്ഷങ്ങൾ വേരോടെ പിഴുതെറിയാൻ സാധിച്ചാൽ മാത്രമേ ആരോഗ്യമുള്ള ഒരു സാമൂഹിക ക്രമം ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയുള്ളു

നല്ല കാര്യങ്ങളും സ്വഭാവങ്ങളും നമുക്ക് ലഹരിയാക്കാം വായനശീലവും ആട്ടവും പാട്ടും നമുക്ക് ലഹരിയാക്കാം. പ്രകൃതിയെ സ്നേഹിക്കാം. നല്ല ശീലങ്ങൾ നിർമ്മിക്കാം അറപ്പുളവാക്കുന്ന ഭാവി നശിപ്പിക്കുന്ന ലഹരിപദാർത്ഥങ്ങൾ ഒഴിവാക്കാം. മനസ്സിന്റെ സന്തോഷത്തിനും ശരീരത്തിന്റെ ഉണർവിനും കാരണമാകുന്ന നല്ല ശീലങ്ങൾ ലഹരിയാക്കാം ഇന്നിന്റെ വിപത്തായ ലഹരി നാളെയുടെ വിപത്താകാതിരിക്കാൻ നമുക്ക് പ്രയത്നിക്കാം പ്രാർത്ഥിക്കാം..........

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

# നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങൾ



ശ്രീമതി. റിൻസി റെയ്ച്ചൽ ജോയ്

മാനുഷിക മൂല്യങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. സ്വാർത്ഥ താൽപര്യങ്ങളുടെയും, ധനമോഹങ്ങളുടെയും, മത്സരങ്ങളുടെയും ലോകമാണ് ഇന്നത്തെ സമൂഹം. വ്യക്തിത്വത്തിന്റെ ഘടനയിൽ ഒരു കേന്ദ്ര സ്ഥാനം വഹിക്കുന്ന മൂല്യങ്ങൾ,അവന്റെ പെരുമാറ്റത്തിലും, പ്രവർത്തികളിലും, ലോകത്തോടുള്ള അവന്റെ പൊതുവായ മനോഭാവത്തിലും കാര്യമായ സ്വാധീനം ചെലുത്തുന്നു. മാനുഷികമൂല്യങ്ങൾ നമ്മുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുകയും ജീവിതത്തിൽ നാം എങ്ങനെ പ്രവർത്തിക്കണം എന്ന് നിർവചിക്കുകയും ചെയ്യുന്നു.

സ്നേഹം, സമാധാനം, സത്യം, അഹിംസ, ശരിയായ പെരുമാറ്റം, ബഹുമാനം, സാഹോദര്യം തുടങ്ങിയ മാനുഷിക മൂല്യങ്ങൾ ഓരോരുത്തരിലും ഒളിഞ്ഞു കിടപ്പുണ്ട്. എന്നാൽ ഇന്ന് ഈ മൂല്യങ്ങൾ നഷ്ടമായി കൊണ്ടിരിക്കുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ ഇവയെ തിരിച്ചുകൊണ്ടുവരുവാൻ നമുക്ക് സാധിക്കും. മാനുഷികമൂല്യങ്ങളുടെ വളർച്ചയാണ് യഥാർത്ഥ വികസനത്തിന്റെ മുഖമുദ്ര. അറിവും വിജ്ഞാനവും മാനുഷികമൂല്യങ്ങൾ വളർത്താനുള്ള പ്രചോദനമാകണം.

പരസ്പര സ്നേഹവും സൗഹൃദവും അകന്നുകൊണ്ടിരിക്കുകയും ബന്ധങ്ങൾ ശിഥിലമായി കൊണ്ടിരിക്കുകയും ചെയ്യുന്ന വർത്തമാനകാലത്ത് മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ നമുക്ക് തയ്യാറാകാം.

#########################################

ഉരുക്കം ഡിജിറ്റൽ മാഗസിൻ .....

സൃഷ്ടികൾ തന്ന് സമ്പുഷ്ടമാക്കിയവർ...

രൂപകൽപന നടത്തിയ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ.....

ആശംസകൾ അർപ്പിച്ചവർ ....

അണിയറയിൽ പ്രചോദനം നൽകിയവർ....

ഏവർക്കും ഹൃദ്യമായ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു .....

നന്ദി.......

.

*********************************************************************************